Website : www.keralapsc.gov.in
E-mail:kpsc.psc@kerala.gov.in

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

## വിജ്ഞാപനം

No: DE 3 -1/3/2024-KPSC

തിരുവനന്തപുരം
തീയതി: 06.11.2026

**വകുപ്പുതല പരീക്ഷ (ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് )**

**കേരള ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റ്**

**(സ്പെഷ്യൽ ടെസ്റ്റ് – സെപ് റ്റംബർ 2025)**

1 കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2025 ഒക്ടോബർ 09 തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം അപേക്ഷ ക്ഷണിച്ച് 17.06.2026, 18.06.2026, 24.06.2026, 27.06.2026, 29.06.2026 & 30.06.2026 തീയതികളിൽ നടത്തിയ കേരള ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റ്– സെപ് റ്റംബർ 2025 വകുപ്പുതല പരീക്ഷയുടെ ഫലങ്ങൾ ഇതോടൊപ്പം പ്രസിദ്ധീകരിക്കുന്നു. 29.12.2025 ലെ സ.ഉ.(കൈ) നമ്പർ 355/2025 RD പ്രകാരം കേരള ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റിന്റെ സിലബസ് 1.07.2024–ൽ രാജ്യത്ത് നിലവിൽ വന്ന ഭാരതീയ ന്യായ സംഹിത, ഭാരതീയ നാഗരിക സുരക്ഷാ സംഹിത, ഭാരതീയ സാക്ഷ്യ അധിനീയം എന്നീ നിയമങ്ങൾ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. ടി സിലബസ് പ്രകാരം സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. പരീക്ഷാർത്ഥികൾക്ക് 23.05.1974 – ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്.) 129/74/പി.ഡി. നമ്പർ ഉത്തരവിന്റെ വെളിച്ചത്തിൽ ഓരോ പാർട്ടിന്റെയും ഫലങ്ങൾ പ്രത്യേകം കാണിച്ചിട്ടുണ്ട്. ഈ പരീക്ഷയുടെ വിജ്ഞാപന പ്രകാരം വിജയിക്കുന്നതിന് ഓരോ പാർട്ടിന്റെയും ഒന്നും രണ്ടും പേപ്പറുകൾക്ക് 33% മാർക്ക് ലഭിച്ചിരിക്കണം. അതോടൊപ്പം തന്നെ ഓരോ പാർട്ടിനും ആകെ മാർക്കിന്റെ 40% മാർക്കും ലഭിച്ചിരിക്കേണ്ടതാണ്. ഈ മാനദണ്ഡമനുസരിച്ച് ഒറ്റത്തവണയായി തന്നെ പരീക്ഷ വിജയിക്കേണ്ടതാണ്. പരീക്ഷയെഴുതിയവരുടെ മാർക്ക് അവരവരുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒരു പാർട്ടിലെ ഏതെങ്കിലും ഒരു പേപ്പറിന് മാത്രം ഹാജരാകാതിരുന്നാലോ തോൽക്കുകയോ ചെയ്താൽ ആ പാർട്ട് തോറ്റതായിട്ടാണ് പരിഗണിക്കപ്പെട്ടിട്ടുള്ളത്. ടെസ്റ്റിന് മുഴുവൻ ജയിച്ചിട്ടുണ്ടോ എന്നുള്ളത് ടെസ്റ്റിന്റെ മൂന്ന് പാർട്ടുകളുടേയും ഫലങ്ങൾ നോക്കി നിശ്ചയിക്കേണ്ടതാണ്.

2. 08.03.2019 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) 28/2019/ധന നമ്പർ പ്രകാരം എല്ലാ പാർട്ടുകളും പാസ്സാകുന്നവർക്ക് ഇരുന്നൂറ്റി പത്ത് രൂപ (210) ഫീസടച്ച് അപേക്ഷിച്ചാൽ കമ്മീഷൻ സർട്ടിഫിക്കറ്റ് നൽകുന്നതാണ്. എന്നാൽ 29.07.1978 – ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ. (എം.എസ്.) 356/78/പി.ഡി. പ്രകാരം 01.04.1977 – നു മുൻപ് ടെസ്റ്റ് ഭാഗികമായി പാസ്സാകുകയും എന്നാൽ 01.04.1977 – നു ശേഷം അതേ ടെസ്റ്റിന്റെ ബാക്കി പാർട്ടോ പാർട്ടുകളോ പാസ്സായി ടെസ്റ്റ് പൂർത്തിയാക്കുകയും ചെയ്തിട്ടുള്ളവർക്ക് സർട്ടിഫിക്കറ്റുകൾ നൽകുന്നതല്ല. അങ്ങനെയുള്ളവർ മുൻ നടപടി ക്രമമനുസരിച്ച് ഫലം പ്രസിദ്ധീകരിച്ച ഗസറ്റും അഡ്മിഷൻ ടിക്കറ്റുകളും ബന്ധപ്പെട്ട മേലധികാരികളെ കാണിച്ച് ബോധ്യപ്പെടുത്തി സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

29.07.1978 - ലെ ഗവൺമെന്റ് ഉത്തരവിൻ പ്രകാരം സർട്ടിഫിക്കറ്റിന് അർഹതയുള്ള ഉദ്യോഗസ്ഥർ പരീക്ഷ ജയിച്ച വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിന് കമ്മീഷൻ നൽകുന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട വകുപ്പ മേലധികാരി മുൻപാകെ ഹാജരാക്കേണ്ടതാണ്. സർട്ടിഫിക്കറ്റിനപേഷിക്കുന്ന ഉദ്യോഗസ്ഥന്മാർ അനുബന്ധം ഒന്നിൽ കൊടുത്തിരിക്കുന്ന നിശ്ചിത ഫോറത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ ആവശ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും വിവരങ്ങൾ നൽകാതിരിക്കുകയോ മറ്റേതെങ്കിലും ന്യൂനതകൾ ഉണ്ടായിരിക്കുകയോ ചെയ്താൽ അപ്രകാരമുള്ള അപേക്ഷകൾ നിരസിക്കപ്പെടുന്നതാണ്.

3. പരീക്ഷയിൽ ഓരോ പേപ്പറിനും ലഭിച്ച മാർക്കുകൾ പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ മാർക്ക് ലിസ്റ്റുകൾ പ്രത്യേകം നൽകുന്നതല്ല.

4. സെപ് റ്റംബർ 2013 വിജ്ഞാപനം മുതൽ കേരള ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷ, ഓൺലൈൻ ആയി, അപേക്ഷകരുടെ വകുപ്പുതല പരീക്ഷയ്ക്കുള്ള, One Time Registration Profile വഴിയാണ് സമർപ്പിക്കേണ്ടത്.

5. Part I, Part II & Part III എന്നിവ, സെപ് റ്റംബർ 2013 ലെ വിജ്ഞാപനം മുതൽ വിജയിച്ചിട്ടുള്ളവർക്ക് അവരുടെ Profile വഴി സർട്ടിഫിക്കറ്റിന് അപേക്ഷിക്കാവുന്നതാണ്.

6. മുൻ വിജ്ഞാപനങ്ങൾ പ്രകാരം പരീക്ഷ വിജയിച്ച് ഇതിനോടകം സർട്ടിഫിക്കറ്റ് കൈപ്പറ്റിയിട്ടുള്ളവർ, ഓൺലൈൻ ആയി പുതിയതായി അപേക്ഷിക്കേണ്ടതില്ല. സെപ് റ്റംബർ 2013 ന് മുൻപ് ടി വകുപ്പുതല പരീക്ഷ എഴുതി വിജയിച്ച അപേക്ഷാർത്ഥികൾ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുമ്പോൾ അപേക്ഷയിൽ നൽകിയിട്ടുള്ള വിവരങ്ങൾക്ക് ആധാരമായി പരീക്ഷയുടെ ഒറിജിനൽ അഡ്മിഷൻ ടിക്കറ്റ് അപേക്ഷയോടൊപ്പം നൽകേണ്ടതാണ്. അല്ലാതെയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല. അഡ്മിഷൻ ടിക്കറ്റ് നഷ്ടപ്പെട്ടുപോയവർ മുന്നൂറ്റി പതിനഞ്ച് രൂപ (315) സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ '0051 PSC 800 State PSC 99 Examination Fee' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി ഒറിജിനൽ ചെലാൻ രസീതും, Annexure II - ൽ കൊടുത്തിട്ടുള്ള ഐഡന്റിറ്റി സർട്ടിഫിക്കറ്റും, സത്യപ്രസ്താവനയും (Affidavit) ഫോട്ടോ പതിച്ച് ബന്ധപ്പെട്ട ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയതോടുകൂടി ഹാജരാക്കേണ്ടതാണ്.

7. മുകളിൽ പറഞ്ഞിരിക്കുന്ന അപേക്ഷകൾ ജോയിന്റ് സെക്രട്ടറി, വകുപ്പുതല പരീക്ഷാ വിഭാഗം, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം പാലസ്. പി. ഒ., തിരുവനന്തപുരം - 695004 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

8. ഓൺലൈൻ ആയി അനുവദിച്ചിട്ടുള്ള എല്ലാ വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 'Digilocker' സംവിധാനത്തിൽ അപ് ലോഡ് ചെയ്തിട്ടുണ്ട്. അപേക്ഷകർക്ക് അവരുടെ Digilocker അക്കൗണ്ടിലേക്ക് ഈ സർട്ടിഫിക്കറ്റുകൾ access ചെയ്യാവുന്നതാണ്. ഇതിലേയ്ക്കായി വകുപ്പുതല പരീക്ഷാ പ്രൊഫൈലിൽ ആധാർ ലിങ്ക് ചെയ്തിട്ടില്ലാത്തവർ ആയത് പൂർത്തിയാക്കേണ്ടതാണ്. 11.09.2018 തീയതിയിലെ G0(P) No 06/2018/ITD ഉത്തരവ് പ്രകാരം, Digilocker-ൽ ലഭ്യമായ രേഖകൾ Physical Documents ന് തുല്യമായി സ്വീകരിക്കേണ്ടതാണ്.

9. ഓൺലൈൻ ആയി അനുവദിച്ചിട്ടുള്ള വകുപ്പുതല പരീക്ഷ സർട്ടിഫിക്കറ്റുകളുടെ ആധികാരികത, അവയിൽ ഉൾപ്പെട്ട QR Code Scan ചെയ്യും, അല്ലെങ്കിൽ https://psc.kerala.gov.in/kpsc/certverify.php എന്ന URL-ൽ ആവശ്യമായ വിവരങ്ങൾ നൽകിയും ഉറപ്പുവരുത്താവുന്നതാണ്.

10. ഉത്തരക്കടലാസിന്റെ Printout ആവശ്യമുള്ളവർ പേപ്പർ ഒന്നിന് അറുന്നൂറ്റി മുപ്പത് രൂപ (630) ഫീസ് 0051 PSC 800 State PSC – 99 Print out of answer Script എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ (ചെലാൻ or ഇ-ചെലാൻ) ഒടുക്കി Annexure III – ൽ കൊടുത്തിട്ടുള്ള മാതൃകയിൽ അപേക്ഷിക്കേണ്ടതാണ്. താഴെ കൊടുത്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷകൾ പരീക്ഷാഫലം പ്രസിദ്ധപ്പെടുത്തി 30 ദിവസത്തിനകം ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ് ജോയിന്റ് സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. ശേഷം ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല. ഒരു പരീക്ഷാർത്ഥിയ്ക്ക് സ്വന്തം ഉത്തരക്കടലാസിന്റെ Printout മാത്രമേ നൽകുകയുള്ളൂ.

11. കേരള ക്രിമിനൽ ജൂഡീഷ്യൽ ടെസ്റ്റ് സെപ്റ്റംബർ 2025 പരീക്ഷയുടെ ഓരോ പേപ്പറിന്റെയും മാക്സിമം മാർക്ക്, ഓരോ പേപ്പറിനും വിജയിക്കുന്നതിന് ലഭിക്കേണ്ട മിനിമം മാർക്ക്, ഓരോ പാർട്ടിനും വിജയിക്കുന്നതിന് ലഭിക്കേണ്ട മിനിമം മാർക്ക് എന്നിവ താഴെ പറയും പ്രകാരമാണ്.

| Sl. No. | Name of Part & Paper | Maximum Mark for Each Paper | Pass Mark for Each Paper | Pass Mark for Each Part |
|---|---|---|---|---|
| 1 | Part I Paper I – Bharatiya Nyaya Sanhita – 2023 - General Principles | 100 | 33 | 80 |
| 2 | Part I Paper II - Bharatiya Nyaya Sanhita - 2023 – Detailed Application | 100 | 33 | |
| 3 | Part II Paper I – Bharatiya Nagarik Suraksha Sanhita 2023 – (Act 46 of 2023) - General Principles | 97 | 32.01 | 78.8 |
| 4 | Part II Paper II – Bharatiya Nagarik Suraksha Sanhita 2023 – (Act 46 of 2023) - General Principles | 100 | 33 | |
| 5 | Part III Paper I – Medical Jurisprudence | 100 | 33 | 80 |
| 6 | Part III Paper II – Bharatiya Sakshya Adhiniyam 2023 | 100 | 33 | |
| 7 | Medical Jurisprudence (For LLB Holders) | 100 | 40 | 80 |
| 8 | Bharatiya Sakshya Adhiniyam 2023 (For LLB Holders) | 100 | 40 | |

Sd/-

**സാജു ജോർജ്**
**സെക്രട്ടറി**
**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**

# ANNEXURE I

**(See Para 8 of the Notification)**

## APPLICATION FOR CERTIFICATE OF DEPARTMENTAL TESTS (SPECIAL TEST) KERALA CRIMINAL JUDICIAL TEST/LEGAL ASSISTANT(SEP 2025)

1. (a) Name and Official Designation :
2. Address to which Certificate is to be sent :
3. Mobile Number :
4. Name of test to which certificate is required :
5. Details of Test

| Name of Paper and Part | Month&Year of passing the examination | Register No.& Year |
|---|---|---|
| | | |

6. Whether you have produced along with this application all the relevant Admission Tickets :
7. Total Value of Chalan receipts enclosed (No. & Date) :
8. Signature of the candidate with date :
9. Date of the Application :

**Note:** **If all the Admission Tickets/Attendance certificates in original are not enclosed with the application, the request for certificate will not be entertained.**

**Head of Account: "0051-PSC-800-State PSC-99 Examination Fee"**

ANNEXURE II

KERALA PUBLIC SERVICE COMMISSION

IDENTITY CERTIFICATE

Specimen signature of the Candidate:

1. ……
2. …….
3. ……..

**Here affix recent Passport Size Photograph of the Candidate and attest it by the Head of Office**

Certified that the photograph and specimen signature affixed above is of Sri/Smt…… …… and that he/she had appeared for the Departmental Test viz. Kerala Criminal Judicial Test conducted by the Kerala Public Service Commission during ….....

Signature, Name & Designation of the
Head of office
(To be signed on the photograph also)

*AFFIDAVIT*

I …….solemnly affirm and declare that I had appeared for the Departmental Test Viz.Kerala Criminal Judicial Test May - 2022, as per details appended and my original Admission Ticket of the above examination was irrecoverably lost.

| Name & Adress of candidate | Name of Test & Paper attended | Name of Examination Centre | Reg.No. |
|---|---|---|---|
| | | | |
| | | | |

Station: Name & Designation of the candidate

Signature: Signed before me.
Name & Designation of
Head of Office

Note: 1. The Affidavit and Identity Certificate should be signed by the candidate before the Head of office who should countersign and identify the photograph and specimen signature.

2. Head of office means the Drawing and Disbursing Officer or other Superior Controlling officer. The fee for certificate of attendance is Rs. 315/- (Rupees Three Hundred and Fifteen Only) for each Admission Ticket Head of Account: **"0051 PSC 105 State PSC 99 Examination Fee.**

ANNEXURE III

**Form 'A' (For Print out of Answer Sheet)**

## KERALA PUBLIC SERVICE COMMISSION
## DEPARTMENTAL TESTS

Application for obtaining Print out of the Answer Sheet
(Fill in all columns)

Prescribed fee of ₹ 630/- for each paper shall be remitted in any of the Treasuries in the State which is to be credited to the Head of Account "0051-PSC-800- State - PSC-99-Print out of answer Sheet " and original chalan receipt or E – Chalan attached with this application. For more details refer to the result Notification of Departmental Tests

Space for date Stamp of PSCOffice (Office use only)

**APPLICATION IN ANY OTHER FORM WILL BE REJECTED**

| | | | |
|---|---|---|---|
| 1 | Name & Address of the applicant<br>(As given in the Admission Ticket) | | |
| 2 | Address to which print out is to be sent | | |
| 3 | Register Number | | |
| 4 | Name of Paper for which print out is required | Paper Code | Date of Test |
| | | | |
| | | | |
| | | | |
| 5 | Name of Examination Centre | | |
| 6 | Whether applied for print out of answer sheet of this paper earlier | | |
| 7 | Particulars of remittance<br>Amount<br>Name of Treasury<br>Chalan No & Date | | |

**Declaration**

I hereby declare that I have applied for print out of my own answer sheet for the aforesaid test and that the details furnished above are true to the best of my knowledge and belief.

Place: Signature of the Candidate
Date: